(ബി) ഇങ്ങനെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഒൻപതുപേർ മുങ്ങിമരിക്കാൻ ഇടയായിട്ടുണ്ട്. ഒഴുക്കിൽ അകപ്പെട്ടുപോകുന്നവരെ രക്ഷപ്പെടുത്തുവാൻ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഐ.ടി.ഡി.സി:ക്കു വേണ്ടി സജ്ജമാക്കിയിട്ടുള്ള സ്ഥലങ്ങളിൽ രക്ഷാബോട്ടുകളും നീന്തൽ വിദഗ്ദ്ധരും ഉണ്ട്. ഇതര സ്ഥലങ്ങളിൽ കുളിക്കാനിറങ്ങുന്നത് അപകടമാണെന്നു സൂചിപ്പിക്കുന്ന മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനശ്രദ്ധ ആകർഷിക്കത്തക്ക വിധം ഇത്തരം ബോർഡുകൾ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ എഴുതി അപകട മേഖലകളിലെല്ലാംതന്നെ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് പട്രോളിങ്ങ് ഫലപ്രദമായി നടത്തിവരുന്നു. ഇതുകൂടാതെ നീന്തലിൽ വൈദഗ്ദ്ധ്യം നേടിയ 'ലൈഫ് ഗാർഡു' കളെ നിയമിക്കുവാനും നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

പോലീസ് സേനയുടെ അംഗസംഖ്യ

* 17 [17] ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി:
,, പി. സീതി ഹാജി:
,, സി.ടി. അഹമ്മദ് അലി:
,, പി.വി. മുഹമ്മദ്:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ അംഗസംഖ്യ ജനസംഖ്യാനുപാതികമായി മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കുറവാണോ;

(ബി) എങ്കിൽ ആ കുറവ് പരിഹരിക്കുവാൻ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ അംഗസംഖ്യ ജനസംഖ്യാനുപാതികമായി 8 സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതലും 13 സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കുറവുമാണ്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പോലീസ് സേനയുടെ അംഗസംഖ്യ ആവശ്യാനുസരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly